No. CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പലിശ രഹിത നിക്ഷേപവും ബാങ്ക് ഗ്യാരണ്ടിയും ബഹു. ഹൈക്കോടതി ഉത്തരവ് സംബന്ധിച്ച്

സംസ്ഥാന സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മലപ്പുറം പെരിന്തൽമണ്ണ എം.ഇ.എസ് മെഡിക്കൽ കോളേജ്, കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ് എന്നിവയിൽ കരാറിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 35% മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ഫീസിനു പുറമെ 11 ലക്ഷം രൂപയുടെയും 15% എൻ.ആർ.ഐ സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ എൻ.ആർ.ഐ സീറ്റിലെ ഫീസിനു പുറമെ 15 ലക്ഷം രൂപയുടെയും തിരികെ ലഭിക്കുന്ന പലിശ രഹിത നിക്ഷേപം നൽകാൻ ബാധ്യസ്ഥരാണെന്നും, അതോടൊപ്പം 35% മാനേജ്മെന്റ് ക്വാട്ടയിലോ 15% എൻ.ആർ.ഐ ക്വാട്ടയിലോ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ തുടർന്നുള്ള 4 വർഷത്തെ ഫീസ് തുകയ്ക്കുള്ള ബാങ്ക് ഗ്യാരണ്ടിയും (ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നോ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ ഉള്ളത്) നൽകാൻ ബാധ്യസ്ഥരാണെന്നും 11.08.2017–ൽ ഈ ഓഫീസ് പുറത്തിറക്കിയിട്ടുള്ള പത്രക്കുറിപ്പിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ, 14.08.2017–ലെ 24825/2017 നം.റിട്ട് പെറ്റീഷനിൻമേലുള്ള ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 35% മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽനിന്നും ഒരു വർഷത്തെ ഫീസിനു തുല്യമായ തിരികെ ലഭിക്കുന്ന പലിശരഹിത നിക്ഷേപവും തുടർന്നുള്ള 4 വർഷത്തെ ഫീസ് തുകയ്ക്കുള്ള ബാങ്ക് ഗ്യാരണ്ടിയും ഈടാക്കാമെന്ന വ്യവസ്ഥ ബഹു.ഹൈക്കോടതി തടഞ്ഞിട്ടുണ്ട്. എന്നാൽ NRI ക്വാട്ടയിൽ ഇത്തരം നിബന്ധനകൾ ആകാമെന്നും ബഹു. കോടതി നിരീക്ഷിച്ചിട്ടുണ്ട്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.08.2017